**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2234** **09-02-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തതിന് നൽകാനുള്ള കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കിറ്റ് വിതരണം ചെയ്തതിന് സപ്ലൈകോ ജീവനക്കാർക്ക് സ്വർണ്ണം സമ്മാനമായി നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിന് എത്ര രൂപ ചെലവാകും എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സർക്കാർ ഇത്തരത്തിലൊരു തീരുമാനവും എടുത്തിട്ടില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സപ്ലൈകോ എടുത്ത തീരുമാനം നടപ്പിലാക്കേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | റേഷൻ വ്യാപാരികൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തതിന് നൽകാനുള്ള കമ്മീഷൻ കൊടുത്തുതീർക്കാൻ ഉള്ളപ്പോൾ ഉദ്യോഗസ്ഥർക്ക് ഈ രീതിയിലുള്ള പാരിതോഷികം നൽകാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ ഇത്തരത്തിലൊരു തീരുമാനവും എടുത്തിട്ടില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സപ്ലൈകോ എടുത്ത തീരുമാനം നടപ്പിലാക്കേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | റേഷൻ വ്യാപാരികൾക്ക് ഈ സാമ്പത്തിക വർഷത്തിൽ 2022 ഡിസംബർ മാസം വരെയുള്ള കമ്മീഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്. 2023 ജനുവരി മാസത്തെ കമ്മീഷൻ അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ